**റൂളിംഗ്**

## 2021-22-ലെ സാമ്പത്തിക അവലോകനം സമർപ്പിക്കാത്തത് സംബന്ധിച്ച്

മി. സ്പീക്കർ: സംസ്ഥാനത്തിന്റെ പൊതുവായ സാമ്പത്തിക അവസ്ഥയെ സംബന്ധിച്ച് പഠിച്ച് സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കുന്നതാണ് ഓരോ വർഷത്തെയും സാമ്പത്തിക അവലോകനം അഥവാ Economic Review എന്ന രേഖ. എല്ലാ വർഷവും ബഡ്ജറ്റ് സമ്മേളനത്തോടനുബന്ധിച്ചാണ് ഈ രേഖ ധനകാര്യ വകുപ്പുമന്ത്രി സഭയുടെ മേശപ്പുറത്തുവയ്ക്കുന്നത്. നമ്മുടെ രാജ്യത്തിന്റെ ധനഃസ്ഥിതി സംബന്ധിച്ച ഒരു പഠനരേഖ എന്ന നിലയിൽ സാമ്പത്തിക അവലോകനം കേന്ദ്ര ബഡ്ജറ്റിനു മുമ്പായി മേശപ്പുറത്തു വയ്ക്കുന്നത് പാർലമെന്റിലും ഒരു കീഴ്‌വഴക്കമാണ്. എന്നാൽ ഭരണഘടനാ പ്രകാരമോ സഭാചട്ട പ്രകാരമോ കൃത്യമായ ഒരു സമയപരിധിക്കുള്ളിൽ സഭയിൽ സമർപ്പിച്ചിരിക്കേണ്ട ഒരു സ്റ്റാറ്റ്യൂട്ടറി രേഖയായിട്ടല്ല ഇവയെ പരിഗണിക്കപ്പെട്ടുവരുന്നത്.

1994-ന് മുമ്പുവരെ ബഡ്ജറ്റ് രേഖകളോടൊപ്പം തന്നെയാണ് സാമ്പത്തിക അവലോകനവും നിയമസഭയുടെ മേശപ്പുറത്തു വച്ചിരുന്നത്. 1994 മാർച്ചിലാണ് ആദ്യമായി ബഡ്ജറ്റിന് രണ്ട് ദിവസംമുമ്പ് സാമ്പത്തിക

അവലോകനം നിയമസഭയുടെ മേശപ്പുറത്ത് വച്ചുതുടങ്ങിയത്. എന്നിരുന്നാൽത്തന്നെയും ഇതിനിടയിൽ ഏതാനും വർഷങ്ങളിൽ സാങ്കേതികമായ കാരണങ്ങളാൽ ബഡ്ജറ്റ് അവതരണത്തിന് മുന്നോടിയായി അതിന് സാധിച്ചിരുന്നില്ലെന്നാണ് സഭാ രേഖകൾ പരിശോധിച്ചപ്പോൾ മനസ്സിലാകുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ 25 വർഷക്കാലത്തിനിടയിൽ 2003, 2004, 2012 എന്നീ വർഷങ്ങളിൽ അതതു വർഷത്തെ സാമ്പത്തിക അവലോകനങ്ങൾ സഭയുടെ മേശപ്പുറത്ത് വയ്ക്കാതെതന്നെ അംഗങ്ങൾക്ക് വിതരണം നടത്തിയ കീഴ്വഴക്കവും നമ്മുടെ സഭയിൽ ഉണ്ടായിട്ടുള്ളതായി രേഖകളിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ വർഷം സഭയുടെ നടപ്പ് സമ്മേളനത്തിനിടയ്ക്ക് പതിനാല് ദിവസത്തെ ഇടവേള വരികയും തുടർന്ന് ഇന്ന് ബഡ്ജറ്റ് അവതരണത്തിനായി സഭ വീണ്ടും സമ്മേളിക്കുന്നതുമായ ഒരു സ്ഥിതിവിശേഷം ഉണ്ടായതുകൊണ്ടാണ് 2021-ലെ സാമ്പത്തിക അവലോകനം ബഡ്ജറ്റ് അവതരണത്തിന് മുന്നോടിയായി സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ കഴിയാതിരുന്നതെന്ന കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇക്കാര്യത്തിൽ ചട്ടവിരുദ്ധമായ ഒന്നും ഉണ്ടായിട്ടില്ലെന്ന് വ്യക്തമാണ്. സഭയിൽ നിലനിൽക്കുന്ന

കീഴ്‌വഴക്കങ്ങളിൽ സാന്ദർഭികമായി സംഭവിച്ച ഒരു വ്യതിയാനം മാത്രമാണിത്. എന്നാൽ സാമ്പത്തിക അവലോകനം പോലൊരു സുപ്രധാന രേഖ ഔപചാരികമായി സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനും അംഗങ്ങൾക്ക് അതിന്റെ കോപ്പികൾ ലഭ്യമാക്കുന്നതിനുംമുമ്പ് സഭയ്ക്കുപുറത്ത് പ്രസിദ്ധീകരിക്കുന്നതിനോട് പൊതുവിൽ ചെയറിന് യോജിപ്പില്ലാതിരുന്നതിനാലാണ് ഈ രേഖ കാലേക്കൂട്ടി ലഭ്യമായിരുന്നെങ്കിലും ഇന്ന് ഔദ്യോഗികമായി സഭയുടെ മേശപ്പുറത്ത് വച്ചതിനുശേഷം പുറത്ത് പ്രസിദ്ധീകരിക്കാനുള്ള തീരുമാനം ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് കൈക്കൊണ്ടത് എന്നുകൂടി അറിയിക്കട്ടെ. ഇന്ന് ബഡ്ജറ്റിനോടൊപ്പമാണ് ഈ രേഖ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ലഭ്യമാകുന്നതെങ്കിലും നാളെയും അതിനടുത്ത ദിവസവും സഭാ സമ്മേളനം ഇല്ലാത്ത സാഹചര്യത്തിൽ ബഡ്ജറ്റിനെ സംബന്ധിച്ച് തിങ്കളാഴ്ച മുതൽ നടക്കുന്ന പൊതുചർച്ചയിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് സാമ്പത്തിക അവലോകനത്തിലെ ഉള്ളടക്കംകൂടി വിശദമായി പഠിക്കുവാൻ വേണ്ടത്ര സമയം ലഭ്യമാകുമെന്നാണ് കാണുന്നത്. എന്നിരുന്നാലും ഭാവിയിൽ ഇതൊരു കീഴ്‌വഴക്കമായി മാറുന്നതിനോട് ചെയർ ഒട്ടുംതന്നെ യോജിക്കുന്നുമില്ല. ഈ സാഹചര്യത്തിൽ ബഡ്ജറ്റ് അവതരണത്തിനുമുമ്പായി 2021-ലെ

സാമ്പത്തിക അവലോകനം സഭയുടെ മേശപ്പുറത്ത് വയ്ക്കാതിരുന്നതും അതിന്റെ കോപ്പികൾ അംഗങ്ങൾക്ക് നൽകാതിരുന്നതും സംബന്ധിച്ച് ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള ക്രമപ്രശ്നം തീർപ്പാക്കിയതായി ചെയർ റൂൾ ചെയ്യുന്നു.